# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1535

11.2.2013-ൽ മറുപടിക്ക്

## പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു ദിവസം എത്ര ലിറ്റർ പാലാണ് ആവശ്യമുള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഒരു ദിവസം ഏകദേശം 85 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. |
| (ബി) സംസ്ഥാനത്തെ പ്രതിദിന പാൽ ഉല്പാദനം എത്രയാണ് ; | (ബി) | സംസ്ഥാനത്തെ പ്രതിദിന പാൽ ഉല്പാദനം ശരാശരി 80.54 ലക്ഷം ലിറ്റർ ആണ്. |
| (സി) സംസ്ഥാനത്തിന്റെ ഉപയോഗത്തിനാവശ്യമായതിൽ നിന്നും കുറവു വരുന്ന പാൽ എവിടെനിന്നാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | സംസ്ഥാനത്തിന്റെ ഉപയോഗത്തിനാവശ്യമായതിൽ നിന്നും കുറവുവരുന്ന പാൽ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിലെ ഡയറികളിൽ നിന്നും എൻ. ഡി. ഡി. ബി. യുടെ നിയന്ത്രണത്തിലുള്ള ആന്ധ്രാപ്രദേശിലെ മദർ ഡയറിയിൽ നിന്നും കൊണ്ടു വരുന്നു. |
| (ഡി) പാൽ ഉല്പാദനരംഗത്ത് സ്വയം പര്യാപ്തതയ്ക്കായി ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പാൽ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ക്ഷീര വികസന വകുപ്പ് കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വ്യാപന പദ്ധതി, എം.എസ്.ഡി.പി എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും, ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം, കന്നുകുട്ടി |

പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധികപാൽ വില നൽകൽ എന്നിവയും കേന്ദ്ര പദ്ധതികളായ ഇന്റൻസീവ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ